മേലടി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കുവാൻ നടപടി

31(1842) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മേലടി പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി മാറ്റുവാനുള്ള അപേക്ഷ പരിഗണിക്കുമോ ;

(ബി) പ്രസ്തുത പ്രൈമറി ഹെൽത്ത് സെന്ററിൽ നിലവിൽ എത്ര ഡോക്ടർമാരുണ്ട് ; മറ്റ് ജീവനക്കാർ എത്ര വീതം ;

(സി) മേലടി പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടത്തിൽ നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനലഭ്യതയനുസരിച്ചും മാനദണ്ഡങ്ങൾ അനുസരിച്ചും സി.എച്ച്.സി.യായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) 30 കിടക്കകളുള്ള വാർഡുകളുടെ പ്രവർത്തനത്തിനാവശ്യമായ 4 ഡോക്ടർ, 2 ക്ലാർക്ക്, ഒരു ഫാർമസിസ്റ്റ്, ഒരു ഡ്രൈവർ, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഓപ്ത്താൽമിക് അസിസ്റ്റന്റ്, അഞ്ച് സ്റ്റാഫ് നഴ്സ്, 2 നഴ്സിംഗ് അസിസ്റ്റന്റ്, രണ്ട് ആശുപത്രി അറ്റൻഡർ, ഒരു ഹെൽത്ത് സൂപ്പർവൈസർ, ഒരു ലേഡി ഹേൽത്ത് സൂപ്പർവൈസർ, രണ്ട് ഹെൽത്ത് ഇൻസ്പെക്ടർ, രണ്ട് ലേഡി ഹെൽത്ത് ഇൻസ്പെക്ടർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -I, 4 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II , 10 ജൂനിയർ ഹെൽത്ത് നഴ്സ്, ഒരു പാർട്ട് ടൈം സ്വീപ്പർ എന്നിവർ ജോലിനോക്കുന്നുണ്ട്.

(സി) പ്രസ്തുത പി.എച്ച്.സി.യുടെ ആവശ്യങ്ങളും ധനലഭ്യതയും പരിഗണിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിൽ പേയ്മെന്റ് സീറ്റുകൾ

32(1845) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ പരിയാരം മെഡിക്കൽ കോളേജിൽ കുട്ടികളുടെ പ്രവേശനത്തിൽ പേയ്മെന്റ് സീറ്റുകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ എന്ന് മുതലാണ് അവ നിർത്തലാക്കിയത് ;

(സി) പേയ്മെന്റ് സീറ്റുകൾ നിർത്തലാക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly